ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കുന്നതിന് കർമ്മപദ്ധതി

134 (3241) ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കുന്നതിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ & ബി) 590 കിലോമീറ്റർ നീളമുള്ള പടിഞ്ഞാറൻ തീരദേശ പാതയുടെ 422 കിലോമീറ്റർ ഭാഗം സംസ്ഥാന ജലപാതയിൽ ഉൾപ്പെടുന്നു. 168 കിലോമീറ്റർ ഭാഗം (കൊല്ലം-കോട്ടപ്പുറം) ദേശീയ ജലപാത-3 ആകുന്നു. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുമുള്ള ഭാഗങ്ങളിൽ സംസ്ഥാന ജലപാതയുടെ നിലവാരത്തിലും അളവുകളിലും പ്രവൃത്തികൾ നടത്തി നവീകരിച്ച് വരികയാണ്. ഇതിനായി 12-ാം ധനകാര്യ കമ്മീഷൻ, 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നീ ഫണ്ടുകളിൽ നിന്നുള്ള തുകയാണ് വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ജലപാതയുടെ ആഴം കുറഞ്ഞിട്ടുള്ളത് പുനഃസ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, ജലപാതയുടെ കുറുകേയുള്ള നിർമ്മിതികൾ ആവശ്യമനുസരിച്ച് പുനർനിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവുവന്ന സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മേൽ സൂചിപ്പിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ ഫലമായി 74.18 കിലോ മീറ്റർ നീളമുള്ള കോവളം-കൊല്ലം ജലപാതയിൽ ഏകദേശം 25 കിലോമീറ്ററും 347 കിലോമീറ്റർ നീളമുള്ള കോട്ടപ്പുറം-നീലേശ്വരം ജലപാതയിൽ ഏകദേശം 195 കിലോമീറ്റർ ദൂരവും ഗതാഗതയോഗ്യമാണ്. മറ്റ മാർഗ്ഗങ്ങളിൽ കൂടിയുള്ള ഗതാഗതം മൂലമുണ്ടാകുന്ന (ഉദാ: റെയിൽ, റോഡ് മുതലായവ) മലിനീകരണം ഒഴിവാക്കുക, പരിസ്ഥിതിക്ക് അനുയോജ്യമായ ഗതാഗതം സാധ്യമാക്കുക, തിരക്ക് കുറയ്ക്കുക, ഇന്ധനക്ഷമത കാര്യക്ഷമമാക്കുക, ടൂറിസം മേഖലയുടെ വികസനം ഉറപ്പാക്കുക, അപകടകരമായ വസ്തുക്കളുടെ സുരക്ഷിതമായ നീക്കം എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

(സി) ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി Rs.1/ടൺ/കി.മീ. നിരക്കിൽ സബ്സിഡി/ഇൻസെന്റീവ് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

കൂടാതെ ദേശീയ ജലപാതയിലൂടെയുള്ള ബാർജ്ജുകളുടെ നീക്കം സുഗമമാക്കുന്നതിനായി ഉദ്യോഗമണ്ഡലിലും ചവറയിലും സ്ഥിരം ബർത്തും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനായി 150 ലക്ഷം രൂപയും, കോവിൽ തോട്ടം പാലം നിർമ്മാണത്തിന് KMML-ന്റെ വിഹിതമായ തനത് എസ്റ്റിമേറ്റിന്റെ 50 ശതമാനം തുക KMML-ന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് സർക്കാരിലേയ്ക്ക് ഈടാക്കുന്നതാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അനുവദിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്.

പോലീസ് കസ്റ്റഡി മർദ്ദനം

135 (3242) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 1423/2015 കേസ് പ്രകാരം കസ്റ്റഡിയിൽ ഇരിക്കെ പോലീസ് സ്റ്റേഷനിൽ വച്ച് വളരെ ക്രൂരമായി ദേഹോപദ്രവം ചെയ്തു എന്ന് സത്യൻ മകൻ ശ്രീ. വിപിൻ ജോസിന്റെ പരാതിയെ സംബന്ധിച്ച് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മോധാവി അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ശ്രീ. വിപിൻ ജോസ് സമർപ്പിച്ച പരാതി ശരിയാണെന്ന് അന്വേഷണ റിപ്പോർട്ട് പ്രകാരം ബോധ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉത്തരവാദികൾക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly